6

# യേശുവിന്റെ മടങ്ങിവരവിനെ കുറിച്ചുള്ള ദുരുപദേശങ്ങൾ

പല ഉപദേശങ്ങളും യേശുവിന്റെ മടങ്ങിവരവിനെ കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നതുമായി യോജിക്കുന്നില്ല. അവയിൽ (1) ഹർഷോന്മാദം, (2) യേശുവിന്റെ പ്രവചനം തെറ്റായി വ്യാഖ്യാനിക്കൽ, (3) "എ. ഡി, 70 സിദ്ധാന്തം" (4) എതിർക്രിസ്തുവിനെ കുറിച്ചും അർമ്മഗദോനെ കുറിച്ചുമുള്ള ഭാവനകൾ. തിരവെഴുത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് അവയെ പരിശോധിക്കാം.

**ഒരു ഹർഷോന്മാദം ഉണ്ടാകുമോ?**

ക്രിസ്തുവിന്റെ വീണ്ടും വരവിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെ ബൈബിൾ പറയുന്നത് നാം കണ്ടുകഴിഞ്ഞു. ആയിരാമാണ്ട് വാഴ്ച്ചക്കാർ - യേശുവിന്റെ മടങ്ങി വരവിനു മുൻപ് ആയിരം വർഷം (ഭൂമിയിലെ യേശുവിന്റെ ആയിരാമാണ്ട് വാഴ്ച്ച) ഭരിക്കുമെന്ന് കരുതുന്നവർ പല തീർപ്പിലാണ് എത്തിച്ചേർന്നിരിക്കുന്നത്. (1) ജീവിച്ചിരിക്കുന്ന നീതിമാന്മാരും മരിച്ചവരായ നീതിമാന്മാരും കാണത്തക്കവണ്ണം മേഘത്തിൽ രഹസ്യമായിപ്രത്യക്ഷപ്പെട്ട് അവരെ ഉയർപ്പിക്കും. (2) അവൻ രണ്ടുകൂട്ടരേയും ചേർത്ത് സ്വർഗത്തിൽ അവർക്ക് "ഹർഷോന്മാദം" നൽകും. (3) ആ ഏഴുവർഷത്തിനിടയിൽ, എതിർക്രിസ്തു എഴുന്നേറ്റു വാഴുകയും മഹോപദ്രവം വരുത്തുകയും ചെയ്യും. (4) ഈ കാലയളവിൽ യെഹൂദന്മാർ പരിവർത്തനം ചെയ്യും, തിരിച്ച് അവർ അനേകരെ പരിവർത്തനം ചെയ്യിക്കുകയും ചെയ്യും. (5) ആ ഏഴു വർഷത്തിന്റെ അവസാനം, എതിർക്രിസ്തു തന്റെ സൈന്യവുമായി വിശുദ്ധന്മാർക്കെതിരെ വലിയ അർമ്മഗദോൻ യുദ്ധം നടത്തും. (6) യേശു തന്റെ വിശുദ്ധന്മാരുമായി വന്നു എതിർക്രിസ്തുവിനെ നശിപ്പിക്കുകയും, ദുഷ്ടന്മാരെ ന്യായംവിധിച്ച് ശിക്ഷിക്കും. പിന്നെ യേശു യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്ന് ആയിരം വർഷം ഭൂമിയെ ഭരിക്കും.

ബൈബിളിലെ സ്പഷ്ടമായ പല ഉപദേശങ്ങൾക്കും ഹർഷോന്മാദം എതിരാണ്.

ഹർഷോന്മാദം എന്ന ഉപദേശം സ്വീകരിച്ചിരിക്കുന്നവർ ഉപയോഗിക്കുന്ന വേദഭാഗമാണ് 1 തെസലൊനിക്യർ 4:14-17. അവിടെ പറയുന്നത് യേശു "പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളനാദത്തോടുംകൂടെ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നു" എന്നാണ്. യേശു രഹസ്യമായിട്ടാണ് വരുന്നതെങ്കിൽ, തീർച്ചയായും അവൻ അങ്ങനെയുള്ള ശബ്ദം കേൾപ്പിക്കുകയില്ല. അവന്റെ വരവ് പെട്ടെന്നായിരിക്കും, എന്നാൽ രഹസ്യമായിരിക്കുകയില്ല.

യോഹന്നാൻ 6:40 അനുസരിച്ച്, നീതിമാന്മാരുടെ ശരീരങ്ങൾ ഉയർത്തെഴുന്നേൽക്കുന്നത് അവസാനദിവസമാണ്. ഹർഷോന്മാദ സിദ്ധാന്തം പറയുന്നതുപോലെ, ആയിരാമാണ്ട് വാഴ്ച്ചക്കുമുൻപ് ചുരുങ്ങിയ കാലമായ ഏഴു

വർഷസംഭവങ്ങൾക്ക് സാധ്യതയില്ല.

യോഹന്നാൻ 5:28, 29 പറയുന്നു, മരിച്ചവർ എല്ലാവരും - നന്മ ചെയ്തവരും തിന്മ ചെയ്തവരും, അന്ന് ഒരേസമയത്ത് ഉയർത്തെഴുന്നേൽക്കും. ഹർഷോന്മാദ സിദ്ധാന്തം പറയുന്നത് ആയിരാമാണ്ട് വാഴ്ച്ചക്കുമുൻപ് നീതിമാന്മാർ ഉയർത്തെഴുന്നേൽക്കും, പിന്നീടാണ് ദുഷ്ടന്മാർ ഉയർത്തെഴുന്നേൽക്കുന്നത്. ബൈബിളിൽ രണ്ട് സമയത്തുള്ള ഉയർത്തെഴുന്നേൽപ് പറയുന്നില്ല.

ലോകാവസാനം, കളയുടെ ഉപമയിലേതുപോലെ, കൊയ്ത്തുസമയത്ത് കതിരും പതിരും കൊയ്ത് വേർതിരിക്കുന്നതുപോലെ നന്മ ചെയ്തവരും തിന്മ ചെയ്തവരും വേർതിരിക്കപ്പെടും. നീതിമാന്മാരിൽ നിന്ന് ദുഷ്ടന്മാരെ മാറ്റി ശിക്ഷിക്കും. പിന്നെ നീതിമാന്മാർ യേശുവിന്റെ രാജ്യത്തിൽ ശോഭിക്കും (മത്തായി 13:24-30, 36-43).

കളയുടെ ഉപമയിൽ യേശു പറഞ്ഞതുപോലെ തന്നെയാണ് വലയുടെ ഉപമയിൽ യേശു പഠിപ്പിച്ചത്. അവൻ പറഞ്ഞു, "അങ്ങനെതന്നെ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ട് നീതിമാന്മാരുടെ ഇടയിൽനിന്ന് ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും" (മത്തായി 13:47-50). ദുഷ്ടന്മാരുടെ ഇടയിൽനിന്നു നീരിമാന്മാരെ വേർതിരിക്കും എന്നു പഠിപ്പിക്കുന്നതിന് വിപരീതമായി, യേശു പഠിപ്പിച്ചത് നീതിമാന്മാരുടെ ഇടയിൽനിന്ന് ദുഷ്ടന്മാരെ വേർതിരിക്കുമെന്നാണ്.

യേശുവിന്റെ ഉപമയിലുള്ള അതേ സത്യം തന്നെയാണ് പൗലൊസ് 2 തെസലൊനിക്യർ 1:6-10 ൽ പഠിപ്പിക്കുന്നത്: യേശു വീണ്ടും വരുമ്പോൾ ദുഷ്ടന്മാരെ ശിക്ഷിക്കും. "കർത്താവായ യേശു വീണ്ടും വരുമ്പോൾ ദൈവത്തെ അറിയാത്തവർക്കും സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം നൽകും" എന്നാണ് വാക്യം 8 ൽ പൗലൊസ് പറഞ്ഞിരിക്കുന്നത്. വാക്യം 9 തുടരുന്നു, "അവർ നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും ..."

അനേകം സഹോദരന്മാരിൽ ആദ്യമായി ഉയർത്തെഴുന്നേൽക്കേണ്ടത് യേശുവായിരുന്നു എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (റോമർ 8:29). ആടുത്തതായി ഉയർത്തെഴുന്നേല്ക്കുന്നത് അവന്റെ വരവിൽ അവന്നുള്ളവരാണ്. അന്ന്, 1 കൊരിന്ത്യർ 15:22-27 അനുസരിച്ച്, അവൻ രാജ്യം പിതാവിന്ന് ഏല്പിക്കയും അവസാനം ആകയും ചെയ്യും. ആയിരാ-മാണ്ടു വാഴ്ച്ചയും ഹർഷോന്മാദവും ഇല്ലാതാക്കുന്നതാണ് ആ വേദഭാഗം. യേശു വീണ്ടും വരുമ്പോൾ, എല്ലാവരേയും ഭൂമിയിൽനിന്ന് എടുക്കും, അതു അവസാനമായിരിക്കും.

2 പത്രോസ് 3:3-13 ൽ പറയുന്നത് ആകാശവും ഭൂമിയും ഭൂമിയിലുള്ളതൊക്കെയും യേശുവിന്റെ വരവിൽ വെന്തുപോകും എന്നാണ്. അപ്പോൾ പിന്നെ ഹർഷോന്മാദത്തിനും ആയിരാമാണ്ടു വാഴ്ച്ചക്കും സമയവും ഭൂമിയും ഉണ്ടാകുകയില്ല എന്ന് ആ വേദഭാഗവും വ്യക്തമാക്കുന്നു.

മത്തായി 24 ലും മർക്കൊസ് 13 ലും ലൂക്കൊസ് 21 ലും പറഞ്ഞിരിക്കുന്ന ദാനിയേൽ 2 ഉം 9 ഉം അദ്ധ്യായങ്ങളിലെ ആലങ്കാരികമായ പ്രവചനങ്ങൾ തെറ്റായി വ്യാഖ്യാനിക്കുന്നതിന്റെ ഫലമായി ഉണ്ടായതാണ് ഹർഷോന്മാദ സിദ്ധാന്തം. തിരുവെഴുത്തിലെ വ്യക്തമായ ഉപദേശത്തിനു വിരുദ്ധമായ ഏതുപദേശമായാലും അത് ദുരുപദേശമാണ്.

## യെരുശലേമിന്റെ നാശവും യേശുവിന്റെ വരവും

മത്തായി 24, മർക്കൊസ് 13, ലൂക്കൊസ് 21 ലെ യേശുവിന്റെ പ്രവചനങ്ങളെ മിക്കപേരും വ്യാഖ്യാനിക്കുന്നത് അവയെല്ലാം ഭാവിയിൽ യേശുവിന്റെ രണ്ടാം വരവിൽ സംഭവിക്കുവാനിരിക്കുന്നതാണ് എന്നത്രെ. കുറെ പേർ അതിലെ ഉപദേശങ്ങൾ, അതു പിന്നീട് പരിഗണിക്കാം, മിക്കവയും ഏ.ഡി. 70-ൽ സംഭവിച്ചു കഴിഞ്ഞു എന്നാണ് അവരുടെ വ്യാഖ്യാനം. ഈ രണ്ടു വ്യാഖ്യാനങ്ങളും തെറ്റാണ്, കാരണം യേശുവിന്റെ സുവിശേഷങ്ങളിലെ പ്രവചനങ്ങളിൽ ഇവ രണ്ടും ഉൾപ്പെടുന്നുണ്ട്. ദൈവാലയനാശം, അവന്റെ വരവിന്റെ അടയാളം, ലോകാവസാനം എന്നീ വിഷയങ്ങളെ കുറിച്ചുള്ള ശിഷ്യന്മാരുടെ ചോദ്യത്തിന്ന് ഉത്തരം നൽകുകയാണ് മത്തായി 24:3-ൽ. യെരുശലേം നാശവും, അതിലേക്ക് നയിക്കുന്ന സംഭവങ്ങളുമാണ് ലൂക്കൊസ് വിവരിക്കുന്നത്, എന്നാൽ മത്തായിയും മർക്കൊസും അവരുടെ വിവരണങ്ങളിൽ യേശുവിന്റെ വീണ്ടും വരവും ഉൾപ്പെടുത്തിയിട്ടുണ്ട്.

മത്തായി 24 ലെ യേശുവിന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ യെരുശലേം നാശത്തിലേക്ക് നയിക്കുന്ന സംഭവങ്ങൾ വിവിരിക്കുന്നുണ്ട് (വാക്യങ്ങൾ 4-14). അവൻ പറഞ്ഞത് സൈന്യം യെരുശലേം വളയുന്നത് ആളുകൾ കാണുമ്പോൾ, അതിന്റെ നാശം അടുത്തിരിക്കുന്നു എന്നു അവർ അറിഞ്ഞുകൊള്ളട്ടെ എന്നാണ്. ആ നാശത്തോടനുബന്ധിച്ച് ഉണ്ടാകുന്ന ഉപദ്രവത്തിൽനിന്ന് അവർ ഓടി രക്ഷപ്പെടേണ്ടിയിരുന്നു (വാക്യങ്ങൾ 15-22; ലൂക്കൊസ് 21:20-24). പിന്നെ അവൻ തന്റെ അനുയായികളോട് യെരുശലേമിന്റേയും യിസ്രായേൽജനത്തിന്റെയും വീഴ്ച്ചയുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംഭവങ്ങളുടെ വിവരങ്ങളും ഉപമകളും പറയുകയുണ്ടായി (വാക്യങ്ങൾ 23-34). അതിനുശേഷം, അവൻ തന്റെ വീണ്ടും വരവിനെ കുറിച്ചു പറഞ്ഞു (വാക്യങ്ങൾ 36-51).

പല കാരണങ്ങൾകൊണ്ട്, വാക്യം 34 അവന്റെ പ്രസംഗത്തിൽ ഒരു ഇടവേള എടുക്കുന്ന സൂചനയാകണം:

വാക്യം 34 നു മുൻപ് യേശു വിവരിച്ചതെല്ലാം, താൻ ആരോട് പ്രസംഗിച്ചുവോ, ആ "തലമുറ" യുടെ കാലത്ത് സംഭവിക്കേണ്ട ഒന്നാം ഭാഗമാണ്. യേശു തന്റെ ശുശ്രൂഷയിലുടനീളം "തലമുറ" എന്ന പ്രയോഗം ഉപയോഗിച്ചിട്ടുള്ളത് താൻ ആരോട് സംസാരിച്ചുവോ അവരുടെ കാലയളവാണ് സൂചിപ്പിക്കുന്നത്.[1] ഇതിന് ഒരു ഒഴികഴിവ് അസാധാരണമായിരിക്കുമെന്ന് തോന്നുന്നു.

ഒന്നാം ഭാഗത്ത്, അവൻ സംസാരിച്ചത് "അക്കാലത്ത്" എന്നായിരുന്നു (വാക്യങ്ങൾ 19, 22, 29); എന്നാൽ രണ്ടാം ഭാഗത്ത്, വാക്യം 34 നുശേഷം അവൻ പറഞ്ഞത് "ആ ദിവസം" എന്നാണ് (വാക്യം 36). യേശു തുടർച്ചയായി ന്യായവിധിക്കായുള്ള അവന്റെ വീണ്ടും വരവിനെ കുറിച്ച് "നാൾ" "ആ നാൾ" എന്ന പ്രയോഗം നടത്തിയിട്ടുണ്ട്.[2]

യെരുശലേമിന്റെ വീഴ്ച്ചക്ക് മുൻപ് സംഭവിക്കുന്ന കാര്യങ്ങളെയും (വാക്യങ്ങൾ 5-14) നാശം അടുത്തിരിക്കുന്നു എന്നു കാണിക്കുന്ന അടയാളങ്ങളെയും യേശു ഒന്നാം ഭാഗത്ത് വിവരിച്ചു (വാക്യം 15; ലൂക്കൊസ് 21:20-24 മായി താരതമ്യം ചെയ്യുക). രണ്ടാം ഭാഗത്തിലെ "ആ ദിവസം" - അവൻ വീണ്ടും വരുന്നത് (വാക്യം 36) - മുൻപ് അടയാളമോ മുന്നറിയിപ്പോ നല്കി

ആയിരിക്കുകയില്ല, അത് ജലപ്രളയം വന്നതുപോലെയും, കള്ളൻ വരുന്ന തുപോലെയും ആയിരിക്കും (വാക്യങ്ങൾ 36–43).

ഒന്നാം ഭാഗത്ത് യേശു പറഞ്ഞു, അടയാളം തിരിച്ചറിഞ്ഞു മനസിലാക്കിയവർ ഓടി രക്ഷപ്പെടണം (വാക്യം 16). ആ അടയാളവും മുന്നറിയിപ്പും ലഭിച്ചതുകൊണ്ട്, ക്രിസ്ത്യാനികളെല്ലാം യെരുശലേമിൽനിന്നും യെഹൂദ്യയിൽനിന്നും ഓടി പെല്ലയിലേക്ക് രക്ഷപ്പെട്ടു.[3] രണ്ടാം ഭാഗത്ത് പറയുന്ന കാര്യങ്ങൾ യാദൃശ്ചികമായതുകൊണ്ട് സംഭവിക്കുന്നതുവരെ എന്താണെന്ന് ആരും മനസിലാക്കുകയില്ല (വാക്യം 39). അടയാളമൊന്നും ലഭിക്കാത്തതുകൊണ്ട് ആർക്കും ഓടി ഒളിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് നാം എല്ലാ സമയത്തും ഒരുങ്ങിയിരിക്കണം (വാക്യങ്ങൾ 37–51).

യേശു വിവരിച്ചതായ യെരുശലേം നാശത്തിന് മുൻപ് സംഭവിക്കേണ്ട കാര്യങ്ങളെ അവന്റെ വീണ്ടും വരവുമായ ബന്ധത്തിൽ പ്രയോഗിക്കുന്നവർ യേശുവിന്റെ ഉപദേശത്തെ തെറ്റായി ഉപയോഗിക്കുകയാണ് (വാക്യങ്ങൾ 4–34). ആ അടയാളങ്ങൾ അവന്റെ വീണ്ടും വരവിൽ സംഭവിക്കുന്നതായി പറയുകയല്ല, മറിച്ച് അവ യെരുശലേമിന്റെയും യിസ്രായേലിന്റെയും വീഴ്ച്ചക്കു മുൻപ് സംഭവിക്കേണ്ട കാര്യങ്ങളായിരുന്നു.

മത്തായി 24:29–31 കാരണം ചിലർ ആ വ്യാഖ്യാനത്തെ എതിർക്കാറുണ്ട്. ആ ഭാഗത്തെ വാക്യങ്ങളിലെ പ്രസ്താവനകൾ അക്ഷരികമായി എടുക്കരുത് എന്ന കാര്യം അവർ തിരിച്ചറിയുന്നില്ല, മറിച്ച് ആലങ്കാരികമായിട്ടേ എടുക്കാവു, കാരണം അവയെല്ലാം പഴയനിയമകാലത്ത് ദേശങ്ങളുടെ വീഴ്ച്ചയെ കാണിക്കുവാൻ പ്രവാചകന്മാർ ഉപയോഗിച്ച ആലങ്കാരിക ഭാഷയിലാണ് പറഞ്ഞിരിക്കുന്നത്.[4] മത്തായി 24:30 ലെ യെരുശലേമിന്റെ വീഴ്ച്ചയിൽ യേശുവിന്റെ "വരവിനെ" കുറിച്ചു പറഞ്ഞിരിക്കുന്നത് അവന്റെ രണ്ടാംവരവായി എടുക്കരുത്, എന്നാൽ അവൻ അപ്പോൾ വരുന്നത് യിസ്രായേൽ ദേശത്തെ ശിക്ഷിക്കുന്നതിനാണ്. അവൻ "ഇവയെല്ലാം" കാണുമ്പോൾ (മത്തായി 24:33), യെരുശലേമിനെ നശിപ്പിക്കുവാനായി, അവൻ അടുത്തെത്തിയിരിക്കുന്നു എന്നു തിരിച്ചറിയണം. ആദ്യ ക്രിസ്ത്യാനികൾ ചെയ്തതുപോലെ അവർ പർവ്വതങ്ങളിലേക്ക് ഓടിപ്പോകണം എന്ന് അവർ അറിയും. ആ അടയാളങ്ങൾ കാണുമ്പോൾ, അവൻ യെരുശലേമിനെ പ്രതികാരം വീട്ടുവാൻ പോകുന്നു എന്ന് അവർ തിരിച്ചറിഞ്ഞു. "ആ നാളിൽ," അവന്റെ വീണ്ടും വരവിൽ, എങ്ങനെയായാലും, അടയാളമോ, മുന്നറിയിപ്പോ, ഓടിപ്പോകുവാനുള്ള അവസരമോ ഉണ്ടാകുകയില്ല.

## ഏ.ഡി. 70 ന്റെ സിദ്ധാന്തം

മത്തായി 24 ലെ എല്ലാ ഭാഗവും ശേഷം വേദഭാഗങ്ങളും ഏ.ഡി. 70 ലെ യെരുശലേം നാശവുമായി മാത്രം ബന്ധപ്പെട്ടതായി ഉപയോഗിക്കുകയാണ് ചിലർ. യേശു അന്നു മടങ്ങി വരികയും, മരിച്ചവർ ഉയർത്തെഴുന്നേൽക്കുകയും, അവൻ അവരെ ന്യായം വിധിക്കയും ചെയ്തു എന്നാണ് അവർ വിശ്വസിക്കുന്നത്. അന്നു മുതൽ, മരിക്കുന്നവരെ ഉടൻ ന്യായം വിധിക്കുകയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ അയക്കുകയും ചെയ്യും എന്നാണ് അവർ വിശ്വസിക്കുന്നത്.

ഇപ്പോൾ നൽകിയ വിവരങ്ങൾ സൂചിപ്പിക്കുന്നത് ആ സിദ്ധാന്തം തെറ്റാണെന്നാണ്. കൂടാതെ, "അന്ത്യനാളും" അതിനെ ചുറ്റിപ്പറ്റി നടക്കുന്ന സംഭ

വങ്ങളും ആ തെറ്റായ വീക്ഷണവുമായി പൊരുത്തപ്പെടുന്നതല്ല.

തന്നിൽ വിശ്വസിക്കുന്നവർ "അന്ത്യനാളിൽ" ഉയർത്തെഴുന്നേല്ക്കും എന്നാണ് ക്രിസ്തു പറഞ്ഞത് (യോഹന്നാൻ 6:39, 40). യേശു സംസാരിച്ച വചനങ്ങളുടെ അടിസ്ഥാനത്തിലാണ് അവന്റെ "അന്ത്യനാളിലെ" വിധി (യോഹന്നാൻ 12:48). യെരുശലേം നാശം "അന്ത്യനാൾ" അല്ല കാരണം അതിന്റെ നാശം പല ദിവസങ്ങളായി സംഭവിച്ചതാണ്, അതിനുശേഷവും ദിവസങ്ങളുണ്ടായിട്ടുണ്ടല്ലോ. യേശു പറഞ്ഞ "അന്ത്യനാൾ" ഭൂമിയുടെ ചരിത്രത്തിന്റെ അവസാന ദിവസമാണ്, എല്ലാം നശിപ്പിക്കുന്ന ദിവസം. ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങിയില്ലെങ്കിൽ പിന്നെ ദിവസങ്ങൾ ഉണ്ടാകയില്ല. മരിച്ചവർ ഉയർക്കുകയും, ന്യായം വിധിക്കപ്പെടുകയും, ഭൂമി നശിക്കപ്പെടുകയും ചെയ്യുന്ന ദിവസമാണ്, അന്ത്യനാൾ. ഏ.ഡി. 70 അന്ത്യനാളല്ല. "അന്ത്യനാളിലേക്ക്" നയിക്കുന്ന സംഭവങ്ങളാണ് ആകാശവും ഭൂമിയും ഇല്ലാതാകുന്നതു, യേശുവിന്റെ വരവിന് മുൻപ് സംഭവിക്കണം.

## എതിർക്രിസ്തുവും
## അർമ്മഗദോനും

എതിർക്രിസ്തുവിനും അർമ്മഗദോൻ യുദ്ധത്തിനും മതപരമായ സംഘടനകൾ അമിത പ്രാധാന്യം കൊടുത്തു സംസാരിക്കുന്നതുകൊണ്ട്, ആ രണ്ടു വിഷയങ്ങളെ നാം സംസാരിക്കേണ്ടതുണ്ട്.

യോഹന്നാൻ "എതിർക്രിസിതുവിനെ" കുറിച്ച് എഴുതിയപ്പോൾ പറഞ്ഞു, "അനേകം" എതിർക്രിസ്തുക്കൾ എഴുന്നേറ്റു എന്നാണ് (1 യോഹന്നാൻ 2:18; 2 യോഹന്നാൻ 7), യേശു ദൈവത്തിൽനിന്നു വന്ന ക്രിസ്തു എന്നും (1 യോഹന്നാൻ 2:22; 4:3), അവൻ ജഡത്തിൽ വന്നു എന്നും നിഷേധിക്കുന്നവരാണ് അവർ (2 യോഹന്നാൻ 7). അവരെ, യേശുവിനെതിരായി യുദ്ധം ചെയ്യുന്ന ലൗകിക സൈന്യത്തിന്റെ അധിപന്മാരായിട്ടോ അല്ലെങ്കിൽ, 2 തെസലൊനിക്യർ 2:3-ൽ പറയുന്ന "അധർമ്മ മൂർത്തി" ആയിട്ടോ അല്ല വിവരിച്ചിരിക്കുന്നത്. പകരം, അവരെ മതവഞ്ചകരായിട്ടാണ് വിവരിച്ചിരിക്കുന്നത് (2 തെസലൊനിക്യർ 2:10; 2 യോഹന്നാൻ 7).

അർമ്മഗദോൻ (വെളിപ്പാട് 16:14-16) ഒരുപക്ഷെ അർത്ഥം മെഗദോൻ പർവ്വതം ആയിരിക്കാം, അവിടെ നിർണ്ണായകമായ പല യുദ്ധങ്ങളും നടന്നിട്ടുണ്ട്, അവരുടെ കാഴ്ച്ചപ്പാടിൽ യേശു തന്റെ ആയിരാമാണ്ട് വാഴ്ച്ച തുടങ്ങുന്നതിനുമുൻപ് അവിടെയായിരിക്കും എതിർക്രിസ്തു എല്ലാ ദുഷ്ടന്മാരെയും യേശുവിന് എതിരായി കൂട്ടിച്ചേർക്കുന്നതു. പക്ഷെ വെളിപ്പാട് 16:14-16 പറയുന്നത് സൈന്യത്തെ കൂട്ടിച്ചേർക്കുന്നത് എതിർക്രിസ്തുവല്ല, മറിച്ച് ഭൂതങ്ങളാണ്. അവിടെ പറഞ്ഞിരിക്കുന്ന യുദ്ധം സത്യവും തിന്മയും തമ്മിലുള്ള ആലങ്കാരികമായ ഒന്നാണ്, ഭൗതികമല്ല.

എതിർക്രിസ്തുക്കൾ മതവഞ്ചകരാണ്; അവർ (വ്യക്തികളായും, കൂട്ടമായും) അർമ്മഗദോനുമായി ബന്ധപ്പെട്ടിരിക്കയും, പിന്നെ അവർ സത്യത്തിനെതിരായി ആത്മിയമായി പോരാടുന്നതും കാണാം - അത് ഒരിക്കൽ മാത്രം നടക്കുന്ന സംഭവമല്ല, പിന്നെയോ ആവർത്തിച്ചു നടക്കുന്നതാണ്. മുകളിൽ - പറഞ്ഞ രണ്ടു യുദ്ധങ്ങളെയും ബന്ധിപ്പിച്ചിട്ടില്ലാത്തതുകോണ്ട്, അങ്ങനെ ബന്ധിപ്പിക്കുന്നതു ഊഹാപോഹം മാത്രമായിരിക്കും.

**ഉപസംഹാരം**

ക്രിസ്തുവിന്റെ വീണ്ടും വരവിനെ സംബന്ധിച്ച് തിരുവെഴുത്തു നല്കുന്ന വിവരം മാത്രമെ നമുക്ക് ഉള്ളു. മനഷ്യരുടെ ഊഹമല്ല, നമ്മെ ക്രിസ്തുവിന്റെ മടങ്ങിവരവിനെ നയിക്കേണ്ടത് തിരുവെഴുത്തായിരിക്കണം.

---

കുറിപ്പുകൾ

[1]മത്തായി 11:16; 12:41, 42, 45; 23:36; മർക്കൊസ് 8:12; ലൂക്കൊസ് 11:29–32, 50, 51; 17:25 (പ്രത്യേകിച്ച് മത്തായി 23:36.) നോക്കുക. [2]മത്തായി 7:22; 1 കൊരിന്ത്യർ 1:8; 5:5; 2 കൊരിന്ത്യർ 1:14; ഫിലിപ്പിയർ 1:6, 10; 2:16; 1 തെസലൊനിക്യർ 5:2; 2 തെസലൊനിക്യർ 2:2; 2 തിമൊഥെയൊസ് 1:18; 4:8; 2 പത്രൊസ് 3:10 നോക്കുക. [3]യുസേബിയസ് ചർച്ച് ഹിസ്റ്ററി, III.5. [4]യെശയ്യാവ് 13:9, 10; 34:5–10; യെഹെസ്ക്കേൽ 32:7, 8; യോവേൽ 2:10 നോക്കുക.